**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 301** **27-10-2021 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവശ്യ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സപ്ലൈകോയുടെ പ്രവർത്തനം എത്രത്തോളം സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും, അവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നു. ഏപ്രിൽ 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നത്. ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റ് വരുന്നു. |
| (ബി) | കാര്യക്ഷമമായ പർച്ചേയ്സ് സംവിധാനത്തിലൂടെ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഡിപ്പോ തലത്തിലുള്ള ആവശ്യകത ശേഖരിച്ച്, ഇ-ടെണ്ടർ നടത്തിയാണ് സപ്ലൈകോ അവശ്യ സാധനങ്ങൾ വാങ്ങുന്നത്. ഇതിനു പുറമെ, ഇ-ഓക്ഷൻ രീതിയും അവലംബിക്കുന്നുണ്ട്. ഇത് മുഖേന വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത പൂർണ്ണമായും ഉറപ്പ് വരുത്തുന്നതിനും കൂടുതൽ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വിപണിയിൽ എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം, നാഫെഡിൽ നിന്ന് ചെറുപയർ, തുവരപ്പരിപ്പ്, കടല, ഉഴുന്ന് തുടങ്ങിയ അവശ്യ ഭക്ഷ്യ |

| | | | |
|---|---|---|---|
| | | | സാധനങ്ങൾ മിതമായ നിരക്കിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിക്കുന്നു. കൂടാതെ, നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കുതിപ്പും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉല്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കുന്നു. |
| (സി) | മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 18 മാവേലി സ്റ്റോറുകൾ സൗകര്യപ്രദമായ സ്ഥലത്തേക്ക് വിപുലമായ സൗകര്യത്തോടു കൂടി സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തിയിട്ടുണ്ട്. വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ കുറഞ്ഞത് 700ച.അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിട സൗകര്യം വാടകരഹിതമായോ/വാടക ഇളവിലോ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സാധ്യതാപഠനം നടത്തിയും വിൽപ്പന സാധ്യത വിലയിരുത്തിയും ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം ഏർപ്പെടുത്തിക്കൊണ്ടും നിലവിലെ മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ഗാർഹിക ഉപകരണങ്ങളും വിപണനം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ; | (ഡി) | 2019 ഫെബ്രുവരി മാസത്തിലാണ് ഗൃഹോപകരണ വിൽപ്പന ആരംഭിച്ചത് നിലവിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നീ 175 വിൽപ്പനശാലകളിൽ ഗൃഹോപകരണ വിൽപ്പന നടക്കുന്നുണ്ട്. സ്ഥല ലഭ്യതയും വിൽപ്പന സാധ്യതയും കണക്കിലെടുത്ത് കൂടുതൽ സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ഗൃഹോപകരണ വിൽപ്പന പരിഗണനയിലുണ്ട്. |
| (ഇ) | സപ്ലൈകോ വാതിൽപ്പടി സേവനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉപഭോക്താക്കൾ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന നൽകുന്ന ഓർഡറുകൾ സ്വീകരിച്ച് സാധനങ്ങൾ ഉപഭോക്താവിന്റെ വീട്ടുപടിക്കൽ എത്തിച്ചു നൽകുന്ന സംവിധാനം വിവിധ വിതരണ ഏജൻസികളുടെ പോർട്ടലുകൾ വഴിയും കുടുംബശ്രീയുമായി സഹകരിച്ചും നടപ്പിൽ വരുത്തിയിട്ടുണ്ട്. നിലവിൽ 95 വില്പനശാലകളിലൂടെ കുടുംബശ്രീ മുഖേനയും 51 വില്പനശാലകളിലൂടെ വിവിധ വിതരണ ഏജൻസികളുടെ പോർട്ടലുകൾ/ആപ്പുകൾ മുഖേനയും ഹോം ഡെലിവറി സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ